LIBRARY ARCHIVES Kerala Legislative Assembly

അഞ്ചുദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 4.30 വരെയുള്ള സമയഘടനയിലാണ് ക്ലാസുകളുടെ സമയദൈർഘ്യം പുനഃക്രമീകരിച്ചത്. പ്രസ്തുത സമയഘടനയിൽ പീരിയഡുകൾക്കിടയിലുള്ള ഇടവേളകളും ഉച്ചഭക്ഷണത്തിനായുള്ള ഇടവേളയും അപര്യാപ്തമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവർത്തിസമയങ്ങളിൽ ഇടവേളകൾ 10 മിനിട്ടായും ഉച്ചഭക്ഷണ ഇടവേള തിങ്കൾ മുതൽ വ്യാഴം വരെ 40 മിനിട്ടായും വെള്ളിയാഴ്ച 95 മിനിട്ടായും വർദ്ധിപ്പിച്ച് 16-9-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 189/2014 പൊതുവിദ്യാഭ്യാസ പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവായി. പ്രസ്തുത ഉത്തരവുപ്രകാരം രാവിലെ 9 മണി മുതൽ വൈകുന്നേരം 4.45 വരെയാണ് ക്ലാസ് സമയം ക്രമീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഹയർ സെക്കണ്ടറി ടൈംടേബിൾ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയാക്കി പുനഃക്രമീകരിക്കുന്നപക്ഷം ദിവസം 75 മിനിട്ടുവീതം ആഴ്ചയിൽ 6 മണിക്കൂർ 15 മിനിട്ട് അദ്ധ്യയന സമയത്തിൽ കുറവുവരും. തൽഫലമായി അഞ്ചുദിവസത്തെ ടൈംടേബിൾ പ്രകാരം പാഠ്യഭാഗങ്ങൾ പഠിപ്പിച്ചുതീർക്കാൻ കഴിയാതെ വരും. മാത്രമല്ല പീരിയഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിനാൽ തസ്തികകളുടെ എണ്ണത്തിലും മാറ്റം വരും. അദ്ധ്യയന ദിവസം ആഴ്ചയിൽ അഞ്ച് ആക്കിയത് സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. പുതിയ സമയക്രമം സംബന്ധിച്ച് കാര്യമായ പരാതികളൊന്നും ലഭിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ സമയക്രമം പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് ഇപ്പോൾ സർക്കാർ കരുതുന്നില്ല.

(9) മിനി സിവിൽസ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി

ഡോ. എൻ. ജയരാജ്: സർ, പൊൻകുന്നത്തും സമീപപ്രദേശങ്ങളിലുമുള്ള സർക്കാർ ഓഫീസുകൾ ഒരു സമുച്ചയത്തിലാക്കുക എന്നുള്ള ആശയത്തോടുകൂടിയാണ് മൂന്നുവർഷങ്ങൾക്കുമുമ്പ് പൊൻകുന്നം മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കുകയും പിന്നീട് രണ്ടാംഘട്ടത്തിന് 4 കോടി 93 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തു. ഇത് രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തതാണ്. രണ്ട് പ്രാവശ്യവും സിംഗിൾ ടെണ്ടർ ആണെന്നുള്ള കാരണം പറഞ്ഞ് വീണ്ടും അത് സബ്മിറ്റ് ചെയ്യുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലം ഏതാണ്ട് പതിനൊന്നോളം വരുന്ന സർക്കാർ ഓഫീസുകൾ വാടകക്കെട്ടിടത്തിലാണ് കഴിഞ്ഞ രണ്ടുമൂന്നുവർഷക്കാലമായി പ്രവർത്തിക്കുന്നത്. അമിതമായ വാടക കൊടുക്കുന്നതുമൂലം ഗവൺമെന്റിന് നഷ്ടമുണ്ടാകുന്നതിനോടൊപ്പംതന്നെ കെട്ടിട നിർമ്മാണത്തിന്റെ ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യംകൂടി നിലവിലുണ്ട്.

ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് യഥാർത്ഥത്തിൽ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വൈകുവാനുണ്ടായ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ടുതന്നെ അതിന് ഉത്തരവാദപ്പെട്ട ആളുകളോട് വിശദീകരണം ആവശ്യപ്പെടുകയും ഭരണാനുമതി ലഭിച്ച 4 കോടി 93 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊൻകുന്നം മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് 493 ലക്ഷം രൂപയുടെ ഭരണാനുമതി 30-9-2013-ന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകി 28-2-2014- ൽ ടെണ്ടർ ചെയ്തു. ആദ്യം ലഭിച്ച ടെണ്ടർ സിംഗിൾ ടെണ്ടറായതിനാൽ 5-5-2014-ൽ വീണ്ടും ടെണ്ടർ ചെയ്തുവെങ്കിലും രണ്ടാമതും സിംഗിൾ ടെണ്ടറാണ് ലഭിച്ചത്. ഇതിൽ 59 ശതമാനം അധികം നിരക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിന് യഥാസമയം സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതും കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്.

(10) തോട്ടപ്പള്ളി പൊഴിമുഖത്തെ ആരോഗ്യപ്രശ്നങ്ങൾ

ശ്രീ. ജി. സുധാകരൻ: സർ, പുറക്കാട് പഞ്ചായത്തിൽ നാഷണൽ ഹൈവേയുടെ പടിഞ്ഞാറുവശമുള്ള തോട്ടപ്പള്ളി പൊഴിമുഖത്തിലെ മലിനീകരണ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ആഴിയും അഴിയും യോജിക്കുന്ന ഇവിടെ അതിമനോഹരമായ ഒരു ടൂറിസ്റ്റ് കേന്ദ്രമായി വളർത്തുന്നതിനുള്ള പദ്ധതി കേന്ദ്ര-സംസ്ഥാന ടൂറിസം വകുപ്പുകൾ ചേർന്ന് അനുവദിച്ചിരിക്കുകയാണ്. അവിടെ ഒരു മനോഹരമായ ബീച്ച് സംഘടിപ്പിക്കുക, ഹൗസ് ബോട്ട് ടെർമിനൽ, ചിൽഡ്രൻസ് പാർക്ക്, പെഡൽ ബോട്ട് എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ ടൂറിസം സബ്സിഡിയോടുകൂടി അനുവദിച്ചിട്ടുണ്ട്. ഈ വിനോദ സഞ്ചാര പദ്ധതികളെ അട്ടിമറിക്കാനായി അവിടെനിന്ന് മണൽ കള്ളക്കടത്ത് നടത്തുകയും ചെമ്മീൻതോട് അനധികൃതമായി ഉണക്കുന്നതിനും സാമൂഹ്യ വിരുദ്ധശക്തികൾ ദീർഘകാലമായി ഇവിടം ഉപയോഗിച്ചുവരികയാണ്. ടൂറിസം പ്രോജക്ട് അനുവദിച്ച ഈ സ്ഥലത്ത് നടത്തുന്ന തെറ്റായ നടപടിയെ ഇല്ലായ്മചെയ്യാൻ ജില്ലാ ഭരണകൂടം

LIBRARY ARCHIVES Kerala Legislative Assembly